# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2394

## 06-12-2018 ൽ മറുപടിക്ക്

## ചെറുവത്തൂർ ഐ.ടി. പാർക്ക് റോഡ്

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നിർമ്മിക്കുന്ന ചെറുവത്തൂർ ഐ.ടി. പാർക്ക് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | 2016-17 ബജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ ചെറുവത്തൂർ ഐ.ടി. പാർക്ക് റോഡ് പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 01.11.2016 ലെ സ.ഉ.(സാധാ) നം.1502/2016/PWD ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കായി കേരള റോഡ് ഫണ്ട് ബോർഡ് (SPV) കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ വിശദമായ പരിശോധനയ്ക്കു ശേഷം 14.02.18 -ൽ കൂടിയ കിഫ്ബിയുടെ 6 - മത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ 98.05 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. SPV നൽകിയ പദ്ധതി റിപ്പോർട്ട് സൂക്ഷ്മാവലോകനം നടത്തിയ ശേഷം പ്രാരംഭ എസ്റ്റിമേറ്റ് ആയ 139 കോടി രൂപ, 98.05 കോടി രൂപയായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവിറങ്ങുകയാണ് ഉണ്ടായത്. തുടർന്ന്, കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തു നിന്നും കിഫ്ബിയുടെ തീരുമാനം പുനരവലോകനം ചെയ്യുവാനായി അഭ്യർത്ഥന ഉണ്ടായി. പ്രാരംഭ പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ച നിബന്ധനകൾ അംഗീകരിക്കപ്പെടേണ്ട ആവശ്യകതയെ കുറിച്ചുള്ള കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭിപ്രായം കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്ട് ഡയറക്ടർ സ്ഥിരീകരിക്കുകയും തുടർനടപടികൾക്കായി കിഫ്ബിയെ സമീപിക്കുകയും ചെയ്തു. ഇതിൻ പ്രകാരം മേൽ പദ്ധതി പുനരവലോകനത്തിന് വിധേയമാക്കുകയും, അതിനെ ആസ്പദമാക്കിയുള്ള അഭിപ്രായ-നിർദേശങ്ങൾ തയ്യാറാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുമുണ്ട്. ആയതിന്മേലുള്ള മറുപടി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ